ാരേവിധ അധികാരം കൊടുത്തിട്ടുണ്ട്". മഹാരാജാവു തിരുമനസ്സിലെ അനുവാദത്തോടുകൂടി ചെയ്യേണ്ട കാര്യമാണെങ്കിൽ അങ്ങിനെ പ്രവർത്തിക്കും.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഇതു മഹാരാജാവു തിരുമനസ്സിലെ അനുവാദത്തോടുകൂടി ചെയ്തതാണൊ?

പ്രസിഡെണ്ട്.—മഹാരാജാവു തിരുമനസ്സിലെ അനുവാദം വേണ്ടതാണെങ്കിൽ അങ്ങിനെ ചെയ്തിരിക്കും.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—അപ്രകാരം ചെയ്തിട്ടുണ്ടൊ എന്നാണ്?

പ്രസിഡെണ്ട്.— മുൻപറഞ്ഞപ്രകാരം സമാധാനം പറവാൻ സാധിക്കയുള്ളൂ.

Lapse of allotment for the Chowwara Chira.

408. മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—താഴെ എഴുതുന്ന ചോദ്യത്തിനു ശവമ്മെണ്ടു ദയവായി മറുപടി പറയാമൊ.—

(a) ക. വെള്ളാരപ്പിള്ളി പഞ്ചായത്തിൽപെട്ട ചൊവ്വരച്ചിറ മെയിൻറനൻസിനു ക്ഷ ഠ ർ-ൽ അനുവദിച്ച രൂപക. ലാപ്സ്സാവാൻ കാരണമെന്തു;

ഖ. പ്രൊപ്പോസൽ അയക്കാത്ത കാരണമാണെങ്കിൽ പഞ്ചായത്തിനു റിമൈൻറരൊ മറെറാ അയക്കുകയുണ്ടായൊ;

ന. പ്രൊപ്പോസലും എസ്റ്റിമേറും തയ്യാറാക്കേണ്ടതാരാണ്;

ര. പഞ്ചായത്തു ഓവർസീയക്കു ഇതിൽ വല്ല ചുമതലയുമുണ്ടൊ;

(b) ക. കുന്നമാഞ്ഞകുളം നന്നാക്കുന്നതിനു ക്ഷ ഠ ർ-ൽ അനുവദിച്ച രൂപക. എങ്ങിനെ ഉപയോഗിച്ചു; (ഖ) വേറെ വല്ല പണിക്കും ഉപയോഗിച്ചുതാണെങ്കിൽ ആതുടെ അനുവാദപ്രകാരം ഉപയോഗിച്ചുവെന്നും അനുവദിച്ച തിയ്യതി എന്നാണെന്നും ഏതു പണിക്കാണു് ഉപയോഗിച്ചതെന്നും പറയാമൊ?

മിസ്റ്റർ ഐ. രാമൻ മേനോൻ.—(a) ക. പഞ്ചായത്തു സമയത്തു പണി നടത്തിക്കാഞ്ഞതുകൊണ്ടു ചിറ സംരക്ഷണ സാധാരണയായി അതാതു കാലത്തു അയൽകൃഷിക്കാരിൽ ആരെക്കൊണ്ടെങ്കിലും കഴിപ്പിച്ചു അതിനുള്ള സംഖ്യ സംരക്ഷണകാലം കഴിയുമ്പോൾ കൊടുക്കുന്നതാണു പതിവു്. അതുപ്രകാരം ചെയ്യേണ്ടതു് പഞ്ചായത്തിന്റെ ചുമതലയാണ്.

ഖ. പ്രപ്പോസൽ അയക്കുകയും അതു സൂപ്രണ്ടവർകൾ അനുവദിക്കുകയും ചെയ്തതിനാൽ റിമൈണ്ടർ അയക്കേണ്ടതായി വന്നില്ല.

ന. പ്രപ്പോസലും എസ്റ്റിമേറും തയ്യാറാക്കണ്ടതു് പഞ്ചായത്തിന്റെ ചുമതലയാണു്.

ര. ഇതിൽ പണി അളവെടുക്കേണ്ടതാണ് പഞ്ചായത്തു് ഓവർസീയക്കുള്ള മുഖ്യ ചുമതല.

(b) ക. കുന്നമാഞ്ഞകുളം നന്നാക്കുന്നതിനു ക്ഷ ഠ ർ-ൽ യാതൊരു സംഖ്യയും അനുവദിച്ചിട്ടില്ല. ഖ. ഈ ചോദ്യങ്ങൾക്കവകാശമില്ല.

മിസ്റ്റർ. ടി. എ. രാമചന്ദ്രയ്യർ.—ഈ ചിറ മെയിൻറനൻസു ചെയ്യാത്തതുകൊണ്ടു കൃഷിക്കു വല്ല ദോഷവും ഉണ്ടായിട്ടുണ്ടൊ?

മിസ്റ്റർ ഐ. രാമൻമേനോൻ.—കൃഷിക്കു ദോഷം വന്നതായിട്ടു് യാതൊരറിവും ഇല്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—അതിനെപ്പററി അന്വേഷണം നടത്തിയൊ?

മിസ്റ്റർ ഐ. രാമൻ മേനോൻ.—കൃഷിക്കു നാശം വന്നതായിട്ടു് ഒരു അ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷോപവും ഉണ്ടായില്ല. അതുകൊണ്ട് അനുവദിച്ചതുമില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ദോഷമില്ലെങ്കിൽ ഈ ചിറയുടെ ആവശ്യമില്ലെന്നല്ലേ വരുന്നതു്?

മിസ്റ്റർ ഐ. രാമൻമേനോൻ.—അങ്ങിനെ ഇല്ല.

Cherunnipadom Chira in Maradu Panchayat.

409. മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—താഴെ കാണുന്ന ചോദ്യത്തിനു് ഗവർമ്മെണ്ടു ദയവായി മറുപടി പറയാമൊ.—

(a) മരട പഞ്ചായത്തിൽ പെട്ട ചെറുണ്ണിപ്പാടം ചിറയുടെ ഉപയോഗം എത്തെല്ലാം പാടത്തേക്കാണെന്നും എത്ര ഏക്കർ സ്ഥലത്തിനു ഉപയോഗമുണ്ടെന്നും പറയാമൊ;

(b) ടി ചിറക്കു് ഫ്രാഞ്ചർ-ൽ അനുവദിച്ചിരുന്ന ഫ,൦൦൦ക. എന്തിലേക്കു ചിലവിട്ടുവെന്നും അതുടെ കല്പനപ്രകാരമെന്നും ടി കല്പനയുടെ തിയ്യതി എന്താണെന്നും പറയാമൊ?

മിസ്റ്റർ ഐ. രാമൻ മേനോൻ.—(a) ടി ചിറ കുമ്പളം ദേശത്തു മടത്തിപ്പാടം മുതൽ തെക്കോട്ടുള്ള ഒല്ലരിക്കാട്ടപാടം നിലങ്ങളുടേയും, പടിവട്ടം മുതൽ വടക്കോട്ടുള്ള ചെറുവള്ളിപ്പാടം നിലങ്ങളുടേയും ഉപയോഗത്തിനാണു്. ടി ചിറകൊണ്ടു ഏകദേശം ൫൦൦ ഏക്കർ സ്ഥലത്തോളം നിലങ്ങൾക്കു ഉപയോഗമുണ്ടു.

(b) ടി ചിറക്കു് ഫ്രാഞ്ചർ-ൽ അനുവദിച്ച ൯,൦൦൦ക. ദിവാൻജി അവർകളുടെ ഫൻഡൻ ആഗസ്റ്റ് ഫ്രാഞ്ചൈസ്-ത്തെ ഉത്തരവോടുകൂടി വേറെ പണികൾക്കു വകമാറി ചിലവുചെയ്തിട്ടുണ്ടു്. ചിലവുചെയ്തിട്ടുള്ളതിന്റെ എസ്റ്റിമേറ്റും മറ്റും താഴെ ചേർക്കുന്നു.

വിൽവട്ടം പഞ്ചായത്തിൽപെട്ട തിരുവോണപുരം ചിറ പണി വകയ്ക്കു് ക. ൧൫—൦—൦.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—൫൦൦ ഏക്കർ സ്ഥലത്തോളം നിലങ്ങൾക്കു് ഈ ചിറകൊണ്ടു പ്രയോജനമുണ്ടെന്നു പറയുന്നു. ഈ ചിറയ്ക്കനുവദിച്ചിരുന്ന സംഖ്യ വേറെ വിഷയത്തിൽ ചിലവാക്കിയതുകൊണ്ടു് ഈ ൫൦൦ ഏക്കറിൽ പെട്ട യാതൊരു നിലങ്ങൾക്കും ദോഷമുണ്ടായിട്ടില്ലെന്നാണൊ പറയുന്നതു്?

മിസ്റ്റർ ഐ. രാമൻമേനോൻ.—കൽക്കെട്ടു കെട്ടണമെന്നായിരുന്നു. അതിനാണു് ബഡ്ജറ്റിൽ കൂടുതൽ സംഖ്യ അനുവദിച്ചതു്. കൽക്കെട്ടായാൽ കൂടുതൽ സൗകര്യമുണ്ടാകും.

Cleaning of the Kuttankulam in Irinjalakkuda.

410. മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—താഴെ എഴുതുന്ന ചോദ്യത്തിനു ഗവർമ്മെണ്ടു ദയവായി മറുപടി പറയാമൊ.—

(a) ഇരിങ്ങാലക്കുട കുട്ടൻകുളം നന്നാക്കുന്നതിനു് ഫ്രാഞ്ചർ-ൽ അനുവദിക്കപ്പെട്ട ന,൫൫൦ക. എത്രപ്രകാരം ഉപയോഗിച്ചുവെന്നും;

(b) അതിനുള്ള പ്രത്യേക കാരണമെന്താണെന്നും ഗവർമ്മെണ്ടു ദയവായി പറയാമൊ;

(c) ടി പണിയെപ്പറ്റി ഹജൂർ ഉത്തരവു് എന്താണെന്നും എന്നാണെന്നും;

(d) ടി സംഖ്യ വകമാറി ഉപയോഗിപ്പാനുണ്ടായ ഉത്തരവു് എന്നാണെന്നും പറയാമൊ?

LIBRARY ARCHIVES Kerala Legislative Assembly